**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **04-03-2025 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലത്തിന്റെ അപ്രോച്ച് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും പണം അനുവദിച്ച് പണിത കുളിമാട് പാലത്തിന് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 31.10.2016-ലെ GO (Rt) No. 1496/2016/PWD പ്രകാരം 25 കോടി രൂപയ്ക്ക് തത്ത്വത്തിലുള്ള ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കുളിമാട് കടവ് പാലത്തിന് 04.02.2018 – ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 21.50 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയിരുന്നത്. |
| (ബി) | ഇതിൽ നിന്നും എത്ര രൂപയ്ക്കുള്ള സാങ്കേതിക അനുമതിയാണ് നൽകിയതെന്നും പാലത്തിന്റെ പണി പൂർത്തീകരിക്കുവാൻ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | കുളിമാട് കടവ് പാലം നിർമ്മാണ പ്രവൃത്തിക്കായി 14.01.2019 – ന് 21.50 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 16,40,71,762 രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി അനുമതി നൽകിയിട്ടുള്ളതും, ഇതിൽ 14,45,96,859 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുള്ളതുമാണ്. ഇതിന് പുറമേ ഭൂമിയേറ്റെടുക്കലിന് 1,16,63,205 രൂപയും, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് 6,06,043 രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പാലത്തിന്റെ ഇരുഭാഗത്തും അപ്രോച്ച് റോഡ് നന്നാക്കുന്നതിനുള്ള പണം അനുവദിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | കുളിമാട് പാലത്തിന് നിർവ്വഹണ ഏജൻസി സമർപ്പിച്ച DPR പ്രകാരവും, ആയത് അവലോകനം നടത്തി പദ്ധതിയ്ക്ക് സാമ്പത്തികാനുമതി നൽകിക്കൊണ്ടുള്ള കിഫ്ബിയുടെ 04.02.2018 – ലെ നടപടിക്രമ ഉത്തരവ് പ്രകാരവും കുളിമാട് ഭാഗത്ത് 300 മീറ്ററും എടവണ്ണപ്പാറ ഭാഗത്ത് 100 മീറ്ററും അപ്രോച്ച് റോഡുകളാണ് ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് കുളിമാട് ഭാഗത്ത് 137 മീറ്ററും എടവണ്ണപ്പാറ ഭാഗത്ത് 75 മീറ്ററും ആയി അപ്രോച്ച് റോഡുകൾ നിജപ്പെടുത്തിക്കൊണ്ട് നിർവ്വഹണ ഏജൻസി കിഫ്ബിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നതും ആയതിന് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | പാലത്തിലേക്ക് മലപ്പുറം ജില്ലയിൽ നിന്നുള്ള അപ്രോച്ച് റോഡ് ആയ ഓട്ടപ്പാറ - കുളിമാട് റോഡ് | (ഡി) | കുളിമാട് പാലത്തിന് നിർവ്വഹണ ഏജൻസി സമർപ്പിച്ച DPR പ്രകാരം കുളിമാട് ഭാഗത്ത് 300 |

| | | | |
|---|---|---|---|
| | മേൽ പ്രവൃത്തിയുടെ കൂടെ നവീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | | മീറ്ററും എടവണ്ണപ്പാറ ഭാഗത്ത് 100 മീറ്ററും അപ്രോച്ച് റോഡുകൾക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നതും, നിലവിൽ പ്രവൃത്തി പൂർത്തീകരിച്ച് പാലം ഗതാഗതത്തിനായി തുറന്നു കൊടുത്തിട്ടുള്ളതുമാണ്. കൂളിമാട് പാലത്തിന്റെ അപ്രോച്ച് റോഡിലേക്കുള്ള ഒരു കണക്ഷൻ റോഡ് മാത്രമായ ഓട്ട് പാറ – കൂളിമാട് റോഡിനെ പാലത്തിന്റെ അപ്രോച്ച് റോഡായി പരിഗണിക്കാൻ കഴിയാത്തതിനാലാണ് പാലം പ്രവൃത്തിയുടെ കൂടെ നവീകരിക്കാതിരുന്നത്. |
| (ഇ) | ഈ റോഡ് നവീകരിക്കുന്നതിന് കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ച എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ഒട്ടുപ്പാറ - കൂളിമാട് റോഡ് നവീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് കിഫ്ബിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ് എന്ന വിവരം നിർവ്വഹണ ഏജൻസിയായ KRFB – യെ അറിയിച്ചിരുന്നതുമാണ്. |
| (എഫ്) | പാലം തുറന്നതോടെ അപ്രോച്ച് റോഡ് നന്നാക്കാത്തത് കാരണം അപകടങ്ങൾ വർദ്ധിക്കുന്നത് കണക്കിലെടുത്ത് റോഡ് നന്നാക്കുന്നതിന് കിഫ്ബിയുടെ അനുമതിക്കായുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച് ഒട്ടുപ്പാറ - കൂളിമാട് റോഡ് നന്നാക്കുന്നത് KRFB മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിക്കുന്നതിന് കിഫ്ബി തീരുമാനം എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ